നം.കെ.എസ്.എ.പി.റ്റി.എ.പി6 /130 /2019 തീയതി:07-03-2019

<u>പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 01.08.2017 മുതൽ നാളിതുവരെ വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | **ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)** |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 28.01.2019**മുതൽ**<br>06.02.2019 **വരെ** |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം** | **ശ്രീ. പ്രദീപ് കുമാർ.എൻ, ഓഡിറ്റ് ഓഫീസർ**<br>**ശ്രീ.മഹേഷ് കുമാർ.കെ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ**<br>**ശ്രീ. ഷൈജു.വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ**<br>**ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ** |

<u>**നിർവ്വഹണാധികാരികൾ**</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി റോസമ്മ സ്കറിയ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.തോമസ് തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി മറിയാമ്മ പി.ജി | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി നിഷ അലക്സ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ. സ്കറിയ ജോൺ<br>ശ്രീ. ജോർജ് പൗവ്വത്തിൽ | 01.04.2017 മുതൽ 21.09.2017 വരെ<br>17.10.2017 മുതൽ 31.03.2018 വരെ |
| **സെക്രട്ടറി** | ശ്രീമതി.രേണുകാദേവി<br>ശ്രീ.സൈമൺ വർഗ്ഗീസ്<br>ശ്രീ.വി.മുകുന്ദൻ | 01.04.2017 മുതൽ 12.06.2017 വരെ<br>13.06.2017 മുതൽ 16.07.2017 വരെ<br>17.07.2017 മുതൽ 31.03.2018 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം:**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

**ഉള്ളടക്കം**


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം 1: ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം** | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 (എ) |
| 4. | വാർഷികകണക്കിലെ അപാകതകൾ | 1-3 (b) |
| 5. | സാമ്പത്തിക വിശകലനം | 1-4 |
| 6. | ഫണ്ട് വിനിയോഗം | 1-5 |
| 7. | ആഭ്യന്തരനിയന്ത്രണം | 1-6 |
| 8. | പദ്ധതി അവലോകനം | 1-7 |
| 9. | തനത് വരുമാനം | 1-8 |
| 10. | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-9 |
| 11. | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 12. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | **ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13. | കെട്ടിടനിർമ്മാണത്തിനുള്ള പെർമിറ്റുകൾ നൽകുന്നതിൽ വ്യാപക ക്രമക്കേടുകൾ | 2-1 |
| 14. | രസീതുപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 2-2 |
| 15. | കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 2-3 |
| 16. | ഡി & ഒ ലൈസൻസ്- അപാകതകൾ | 2-4 |
| 17. | വാടകക്കാരുമായി നിയമാനുസൃതം കരാർ ചമയ്ക്കുന്നില്ല | 2-5 |
| 18. | | 2-6 |

| | | |
|---|---|---|
| | റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | |
| | **ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 19. | കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡി - അനർഹർക്ക് നൽകി | 3-1 |
| 20. | വെള്ളക്കരമിനത്തിൽ വൻതുക കുടിശ്ശിക | 3-2 |
| 21. | ഖരമാലിന്യ ശേഖരണത്തിനായി ഷെഡ് നിർമ്മിച്ചതിൽ ഗുരുതരമായ അപാകതകൾ. | 3-3 |
| 22. | 38 ലക്ഷം രൂപയുടെ ചെലവു രേഖകൾ ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഓഡിറ്റിനു ഹാജരാക്കിയില്ല. | 3-4 |
| 23. | ഫ്രണ്ട് ഓഫീസിലേക്ക് വാങ്ങിയ ടച്ച് സ്ക്രീൻ കിയോസ്ക് പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 3-5 |
| 24. | കറന്റ് ചാർജ്ജ്- അധികമായി തുക അടവാക്കി | 3-6 |
| 25. | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ- മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല | 3-7 |
| 26. | വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകതകൾ | 3-8 |
| 27. | അഗതിരഹിതകേരളം പദ്ധതി നടപ്പായില്ല | 3-9 |
| 28. | വെച്ചൂച്ചിറ, CHC യ്ക്കു 2 ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചില്ല. | 3-10 |
| 29. | തൊഴിലുറപ്പു പദ്ധതിയിൽ കിണർ റീചാർജ്ജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല | 3-11 |
| | **ഭാഗം 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 30. | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31. | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |

| | | |
|---|---|---|
| 33. | വായ്പ/വിനിയോഗം/ വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 (എ) |
| 34. | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 (ബി) |
| 35. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36. | ഓഡിറ്റ് റിക്കവറി | 4-6 |
| 37. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38. | ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 39. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./ തീയ്യതി | 28.03.2017ലെ 1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | പുതുക്കിയിട്ടില്ല |

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 21428820 | 13334229 | 8094591 |
| വരവ് | 145983000 | 66020874 | 51422874 |
| ആകെ | 167411820 | 79355103 | 88056717 |
| ചെലവ് | 166515400 | 70116090 | 96399310 |
| നീക്കിയിരിപ്പ് | 896420 | 9239013 | (-)8342593 |

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിലുള്ള ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 15.05.2018 |

# 1-3 വാർഷിക ധനകാര്യ പത്രിക

(a) വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 13.06.18 മുതൽ 14.06.18 വരെ |

പരിശോധനയുടെ അടിസ്ഥാനത്തിൽ 12.07.18-ലെ കെ.എസ്.എ.പി.റ്റി.എ.പി.6 / 719/ 2018നമ്പരായി വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(b) വാർഷികകണക്കിലെ അപാകതകൾ

വാർഷിക കണക്കുകളുടെ അക്കൗണ്ടിംഗിൽ ഉണ്ടായിരുന്ന അപാകകതകൾ പരിഹരിയ്ക്കണമെന്ന് ഈ വകുപ്പിൽ നിന്നും നൽകിയ നിർദ്ദേശം ഇപ്പോഴും പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. RP-31 സ്റ്റേറ്റ്മെന്റിൽ ജോയിന്റ് വെഞ്ചർ പ്രൊജക്ടായി തൻവർഷം ബ്ളോക്ക് പഞ്ചായത്തിൽ നിന്ന് 7727700 രൂപ വരവായി കാണിച്ചിട്ടുണ്ട്. എന്നാൽ B-4 ഷെഡ്യൂളിൽ ബാലൻസ് തുകയായി 5127700 രൂപ കാണിച്ചിട്ടുണ്ട്. ജോയിന്റ് വെഞ്ചർ പദ്ധതികളുടെ വരവു ചെലവുകൾ കൃത്യമാക്കേണ്ടതാണ്.

2.ഷെഡ്യൂൾ B-11 (Fixed Assets) ൽ Depreciation ചാർജ് ചെയ്തിട്ടുള്ള തുകയും I&E സ്റ്റേറ്റ്മെന്റിലെ I-17(a) യിലെ തുകയും തമ്മിൽ താഴെ പറയുന്ന വ്യത്യാസം കാണുന്നു.

| ഇനം | B-11 | I-17a |
|---|---|---|
| Buildings | 44551 | 29701 |
| Roads & bridges | 1269398 | 867958 |
| Waterways | 9625 | 7700 |
| Public lighting | 13067 | 6534 |
| Plant & machinery | 30114 | 15057 |
| Office equipments | 53514 | 26757 |
| Furniture | 215255 | 117052 |
| Other fixed assets | 197885 | 122875 |

3. മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം Movable assets-Vehicle ന് (B-11 ഷെഡ്യൂൾ) 13633 രൂപയും Depreciation നു 1363 രൂപയും കാണിച്ചിരുന്നു . ഇതു പരിഗണിക്കാതെ തൻ വർഷവും ഇതേ തുക തന്നെയാണ് B-11 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ളത്.

4.തൻ വർഷം പശ്ചാത്തല മേഖലയിൽ 15553450 രൂപ വിവിധ പദ്ധതികളിലായി ചെലവഴിച്ചിട്ടുണ്ട്.ഇതിൽ 60% റോഡ് കോൺക്രീറ്റിംഗിനാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ B-11 ഷെഡ്യൂളിൽ 89000 രൂപയുടെ വർദ്ധനവു മാത്രമെ Asset ആയി വന്നിട്ടുള്ളൂ.

5.കേരള വാട്ടർ അതോറിറ്റിയ്ക്ക് താഴെ പറയുന്ന പദ്ധതികളിലായി അഡ്വാൻസ് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.

| പ്രൊജക്ട് നമ്പർ | തുക |
|---|---|
| 04/18 | 450000 |
| 192/18 | 189000 |

6. B-11(Fixed Asset) ൽ land നു വില കണക്കാക്കി തുക മുൻ വർഷം വരെ ഇട്ടിട്ടില്ല. തൻ വർഷം വെറും 21789 രൂപ നൽകിയതിന് യാതൊരു ആധികാരികതയുമില്ല. പഞ്ചായത്തിന്റെ കൈവശഭൂമിയുടെ വില കണക്കാക്കിയിട്ടില്ല. തൻ വർഷം പ്രൊജക്ട് നമ്പർ 114 പ്രകാരം അങ്കണവാടിയ്ക്ക് ഭൂമി വാങ്ങുവാൻ 1.48 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും ഫിക്സഡ് അസറ്റായി ഇവ വന്നിട്ടില്ല.

7. 2017-18 ബാലൻസ് ഷീറ്റ് B-4 ,ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ B-17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ഷെഡ്യൂൾ-B7 ൽ നൽകിയിരിക്കുന്ന തുകകൾ ഡെപ്പോസിറ്റ്/ ഇ.എം.ഡി രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. ആയത് കൃത്യമാക്കേണ്ടതാണ്.

9. ഷെഡ്യൂൾ B-5 (secured loans) ൽ നൽകിയിരിക്കുന്ന തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന ഇ.എം.എസ് വായ്പ തുക പാസ്സ് ബുക്ക് പ്രകാരം 1749944 രൂപയാണ്. എന്നാൽ ഈ തുക ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ആയത് കൃത്യമാക്കേണ്ടതാണ്.

10. ഷെഡ്യൂൾ B-11(a) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡ്ഡിൽ 532483 രൂപ പാർട്ട് ബിൽ നൽകിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ AE നൽകിയട്ടുള്ള റിപ്പോർട്ട് പ്രകാരം പശ്ചാത്തല മേഖലയിൽ തൻവർഷം പാർട്ട് ബില്ലുകളൊന്നും തന്നെ നൽകിയിട്ടില്ല. ടി തുകയുടെ കൃത്യത പരിശോധിക്കേണ്ടതാണ്.

11. പിരിഞ്ഞു കിട്ടുവാനുള്ള വരവിനങ്ങൾക്ക് വാർഷിക ധനകാര്യപത്രികയിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

12. ഷെഡ്യൂൾ B-11 ൽ നൽകിയിട്ടുള്ള അക്യൂമുലേറ്റഡ് ഡിപ്രീസിയേഷൻ (sewerage& Drainage), (Vehicle) എന്നീ ഹെഡ്ഡുകളിലെ തുകകൾ മുൻവർഷ അക്കൗണ്ട്സിൽ നിന്നും ക്യാരി ഫോർവേഡ് ചെയ്തവയാണ്. ആയത് പരിശോധിച്ച് കൃത്യമാക്കുക.

13. AFS പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ്വെയറുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 13334229 |
| വരവ് | 66020874 |
| ആകെ | 79355103 |
| ചെലവ് | 70116090 |
| നീക്കിബാക്കി | 9239013 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12577227 | 12577227 | 12577227 | 0 |
| വികസന ഫണ്ട് | 0 | 2119400 | 2119400 | 2119400 | 0 |

| | | | | | |
|---|---|---|---|---|---|
| (എസ്.സി.പി) | | | | | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1171947 | 1171947 | 1171947 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 13736978 | 13736978 | 13736978 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 765576 | 765576 | 765576 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3403273 | 3403273 | 3403273 | 0 |
| ലോക ബാങ്ക് സഹായം | 0 | 0 | 0 | | 0 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 6202546 | 8034000 | 14236546 | 11663550 | 2572996 |
| എസ്.ബി.ഐ (സാക്ഷരത) | 63 | 0 | 63 | 0 | 63 |
| എസ്.ബി.ഐ (ദുരിതാശ്വാസ ഫണ്ട്) | 0 | 0 | 0 | | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 931 | 1598386 | 1599317 | 1598454 | 863 |
| എസ്.ബി.ഐ പൈക്ക | 48000 | 0 | 48000 | 0 | 48000 |
| ട്രഷറി ടി.എസ്.ബി (സംയുക്തപദ്ധതി) | 1000000 | 4100000 | 5100000 | 6532290 | -1432290 |
| കറന്റ് അക്കൗണ്ട് (e-payment) | 10000 | 48404 | 58404 | 0 | 58404 |
| ബി-ഫണ്ട് | 0 | 32721500 | 32721500 | 32721500 | 0 |
| തനത് ഫണ്ട് (എസ്.ബി.ഐ) | 1637682 | 1029728 | 2667410 | 186986 | 2480424 |
| തനത് ഫണ്ട് (സഹകരണബാങ്ക്) | 4175930 | 15236880 | 19412810 | 13854257 | 5558553 |
| ക്യാഷ് (തനത് ഫണ്ട്) | 317077 | - | - | - | 181337 |

## 1-6 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പൊതു ആഭ്യന്തരനിയന്ത്രണം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു

1.പ്രവർത്തനരഹിതമായ 157 കുടിവെള്ള പൊതുടാപ്പുകൾ പ്ലഗ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല. ആയതിനാൽ 2017 ഏപ്രിൽ മുതൽ നാളിതുവരെ വെള്ളക്കരം ഒടുക്കാത്തത് ഭീമമായ കുടിശ്ശികയ്ക്ക് ഇടയാക്കി.

2.തെരുവുവിളക്കുകളുടെ മീറ്ററിംഗിന് 2018-19 ൽ മാത്രമാണ് തുക ഡെപ്പോസിറ്റ് ചെയ്തത്.

3.മുൻകൂറുകളുടെ വിവരം സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4.ജില്ലാ /ബ്ലോക്ക് പഞ്ചായത്തുകളുമായി ചേർന്ന് നടപ്പാക്കിയ സംയുക്തപദ്ധതികൾക്കായി ലഭിച്ച ഫണ്ടിന്റെ വരവുചെലവുകൾ സംബന്ധിച്ച കണക്കുകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

5.സാംഖ്യ മുഖേന ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല. അക്കൗണ്ടിൽ ഉണ്ടായ സാരമായ അപാകതകൾ പരിഹരിക്കുന്നതിന് ഈ വകുപ്പിൽ നിന്നും നേരത്തേ നൽകിയിരുന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 179 | 119 | 60 | 66.48 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| സെക്രട്ടറി | 20 | 13 | 10766751 | 2685638 |
| കൃഷി ഓഫീസർ | 3 | 3 | 272100 | 2414100 |
| വെറ്റിനറി സർജൻ | 6 | 6 | 7785000 | 2311360 |
| വി.ഇ.ഒ. | 16 | 12 | 9219000 | 4260500 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 99 | 55 | 31857706 | 16530104 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 3668605 | 2285835 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1 | 1 | 800000 | 800000 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 50000 | 50000 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 4 | 509000 | 480000 |
| ഹെഡ് മാസ്റ്റർ | 12 | 10 | 1868000 | 1653700 |
| ഡയറി ഫാം ഇൻസ്ട്രക്ട്രർ | 2 | 2 | 4450000 | 3800000 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 1984000 | 1187950 |

## 1-8 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 5235935 | 8666457 | 3430522 | 65.51 |
| നികുതിയേതര വരവുകൾ | 1827633 | 1419296 | 728224 | 39.84 |
| മറ്റ് വരവുകൾ | | 1136561 | | |

## 1-9 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

**സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം**

| ക്രമ നം. | പെൻഷൻ ഇനത്തിൽ ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ ഇനത്തിൽ ചെലവ് | 2017-18-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 117 | 1347200 | 3 | 3 | 0 |
| 2 | വിധവാ പെൻഷൻ | 716 | 8269700 | 58 | 58 | 0 |
| 4 | വികലാംഗ പെൻഷൻ | 224 | 2583400 | 19 | 18 | 1 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 23 | 255400 | 5 | 5 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 1458 | 17036900 | 423 | 389 | 34 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.02.2019തീയതിയിൽ 2.30പി.എം-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4772രൂപ (നാലായിരത്തി എഴുനൂറ്റി എഴുപത്തിരണ്ട് രൂപ ) നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25.01.2019 | 01.11.2018 മുതൽ 31.12.2018 വരെ | പുറപ്പെടുവിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2009 | 2004-05 മുതൽ 2008-09 വരെ | 15.06.2009 |

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടനിർമ്മാണത്തിനുള്ള പെർമിറ്റുകൾ നൽകുന്നതിൽ വ്യാപക ക്രമക്കേടുകൾ.

2016-17,2017-18 സാമ്പത്തിക വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകിയിട്ടുള്ള ഫയലുകൾ പരിശോധിച്ചതിൽ വാണിജ്യ കെട്ടിടങ്ങൾക്കു നൽകിയ പെർമിറ്റുകളിൽ വ്യാപക ക്രമക്കേടുകൾ നടന്നതായി ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. KPBR-2011 ലെ നിബന്ധനകൾ പാലിയ്ക്കാതെയും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 220b പാലിയ്ക്കാതെയും ഉള്ള കെട്ടിടങ്ങൾക്കു പെർമിറ്റ് നൽകിയതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) ചട്ടങ്ങൾ ലംഘിച്ച് ചർച്ച് ഓഫ് ഗോഡിനു വാണിജ്യ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകി.

| അപേക്ഷ നമ്പർ/തീയതി | പെർമിറ്റ് നമ്പർ/ തീയതി | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിനിയോഗം | പ്ലിന്ത് ഏരിയ (M2) |
|---|---|---|---|---|
| 3541/17;08.08.17 | A9-3541/17; 25.09.17 | സെക്രട്ടറി,ചർച്ച് ഓഫ് ഗോഡ്, വെച്ചൂച്ചിറ | വാണിജ്യം | GF-215.84 FF-18.49 |

വെച്ചൂച്ചിറ ബസ് സ്റ്റാൻഡിനു സമീപമുള്ള പഞ്ചായത്ത് റോഡിനോടു ചേർന്ന് വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനായിരുന്നു അനുമതി തേടിയിരുന്നത്. സൈറ്റും പ്ലാനും KPBR പാലിയ്ക്കുന്നു എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ സൈറ്റ് വേരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം സെക്രട്ടറി പെർമിറ്റ് നൽകിയിരുന്നു.

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**(i) ചട്ടം-27 പ്രകാരമുള്ള തുറന്ന സ്ഥലം കെട്ടിടത്തിനില്ല:-**

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011 പ്രകാരം കെട്ടിടത്തിന്റെ അകത്തേയും പുറത്തേയും വായു സഞ്ചാരത്തിനുള്ള തുറന്ന സ്ഥലങ്ങൾ നിഷ്കർശിച്ചിട്ടുണ്ട്.റൂൾ 27(3) പ്രകാരം 7M വരെ ഉയരമുള്ള കെട്ടിടത്തിന്റെ മുൻവശത്തിനു (Front Yard) 3M അല്ലെങ്കിൽ Min-1.8 &Avg-3M തുറന്ന സ്ഥലം ഉണ്ടാകണം.

കെട്ടിടത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പു കാരണം എല്ലാ വശത്തും ഒരേ പോലെ 3M കിട്ടാത്തപ്പോൾ ഇനി പറയുന്ന പോലെ ശരാശരി കണക്കാക്കാം. Front Yard ന്റെ ഒരു ഭാഗത്ത് 1.8M ഉള്ളൂവെങ്കിൽ മറു ഭാഗത്ത് 4.2M ഉണ്ടായിരിക്കണം. എങ്കിലേ ശരാശരി 3M ലഭിക്കൂ.(1.8+4.2)/2=3M

എന്നാൽ നിലവിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിനു ഈ നിബന്ധനകൾ പാലിച്ചിട്ടില്ല. ശരാശരി 2M മാത്രമാണ് കെട്ടിടത്തിന്റെ പില്ലറിന് എല്ലാ വശങ്ങളിലും അതിരിൽ നിന്നുള്ള അകലം ഉള്ളൂ. തുറന്ന സ്ഥലത്തേക്കു റൂഫ് അതിക്രമിച്ചു നിർമ്മിച്ചിരിക്കുകയാണ്.മുൻവശത്തെയും സൈഡ് വശത്തെ അതിർത്തിയിലും ഇത്തരത്തിൽ തുറന്ന സ്ഥലത്തേക്ക് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

**(ii) സെറ്റ് ബാക്ക് നിബന്ധന പാലിച്ചിട്ടില്ല.**

തെരുവതിരിനും കെട്ടിടത്തിനുമിടയിൽ ഒഴിച്ചിടേണ്ട സ്ഥലമാണ് സെറ്റ് ബാക്ക് അളവ് എന്നു പറയുന്നത്. റൂൾ 28(1) പ്രകാരം ഗ്രാമപഞ്ചായത്ത് റോഡിന്റെ അതിരിൽ നിന്നും (അല്ലെങ്കിൽ ഉടമസ്ഥന്റെ അതിരിൽ നിന്നും) കുറഞ്ഞത് 3M അകലത്തിലേ കെട്ടിടം നിർമ്മിക്കാനാകൂ. എന്നാൽ ഈ കെട്ടിട നിർമ്മാണത്തിൽ പ്രസ്തുത ചട്ടം പാലിച്ചിട്ടില്ല. അതിരിൽ നിന്നും 2M മാത്രമാണ് വിട്ടിട്ടുള്ളത്. ഇത് കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 220b യുടെ ലംഘനം കൂടിയാണ്.

**(iii) പാർക്കിംഗ് നിബന്ധനകൾ പാലിച്ചിട്ടില്ല.**

KPBR-2011,റൂൾ 38(1) പ്രകാരം വാണിജ്യ കെട്ടിടങ്ങൾക്ക് കാർപ്പറ്റ് ഏരിയയുടെ 75m2 നു ഒരു കാർ പാർക്കിംഗിനുള്ള സ്ഥലം എന്ന ക്രമത്തിൽ പ്ലോട്ടിൽ സ്ഥലം ഒരുക്കേണ്ടതാണ്.ഒരു കാർ പാർക്കിംഗിനുള്ള ഏരിയ എന്നു പറയുന്നത് 5.5x2.7=14.85M2 ആണ്.

കാറ്റഗറി-I പഞ്ചായത്തിന് യാതൊരു ഇളവും പാർക്കിംഗിന് ഇല്ല. എന്നാൽ കാറ്റഗറി-II പഞ്ചായത്തിന് ആവശ്യമായ പാർക്കിംഗിന്റെ 75% വരെയുണ്ടെങ്കിൽ പെർമിറ്റ് അനുവദിക്കാവുന്നതാണ്.

ചട്ടം 38(4) പ്രകാരം കാർ പാർക്കിംഗിനുള്ള സ്ഥലത്തിന്റെ 25% ഇരുചക്രവാഹനങ്ങൾക്ക് അധികമായി സ്ഥലം പ്ലോട്ടിൽ ലഭ്യമാക്കേണ്ടതാണ്. ഒരു ബൈക്ക് പാർക്ക് ചെയ്യാനാവശ്യമായ സ്ഥലം എന്നത് 3M2.

ഈ കെട്ടിടത്തിനു പ്ലാൻ പ്രകാരമുള്ള കാർപ്പറ്റ് ഏരിയ എന്നത് 200.624M2 ആണ് (നിലവിലുള്ളത്-27.952M2+ നിർദ്ദിഷ്ഠമായത്-172.672M2). ഇതു പ്രകാരം കെട്ടിടത്തിനു വേണ്ട പാർക്കിംഗ് എന്നത് 200.624/75=2.67=3 കാറുകൾ.

അതായത് 3x14.85=44.55M2

കാറ്റഗറി-II ഗ്രാമപഞ്ചായത്തായതിനാൽ ആവശ്യമായ പാർക്കിംഗിന്റെ (44.55M2) 75% ഉണ്ടെങ്കിൽ പെർമിറ്റ് അനുവദിക്കാമായിരുന്നു. അതായത് 33.41M2 പാർക്കിംഗിനായി മാറ്റി വയ്ക്കണമായിരുന്നു.എന്നാൽ അപ്രകാരം യാതൊരു സ്ഥലവും പ്ലോട്ടിൽ ഇല്ല. ഇപ്രകാരം ചട്ടങ്ങൾ ലംഘിച്ച് കെട്ടിടനിർമ്മാണ പെർമിറ്റ് നൽകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**B) റോഡിൽ നിന്നും നിശ്ചിത അകലം പാലിക്കാത്ത കെട്ടിടത്തിനു പെർമിറ്റ് നൽകി.**

| അപേക്ഷ നമ്പർ/ | പെർമിറ്റ് നമ്പർ/ | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിനിയോഗം | പ്ലിന്ത് ഏരിയ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| തീയതി | തീയതി | | | (M2) |
| E-file No:324950 | A1-4783/17; 16.11.17 | ബിനു ജി നായർ,ഓലിക്കൽ കിഴക്കേതിൽ | വാണിജ്യം | 146.16 |

ശ്രീ ബിനു ജി നായർ ചേത്തയ്ക്കൽ വില്ലേജിലെ സർവ്വെ നമ്പർ;5/1BCD/1 ൽ ഉൾപ്പെട്ട 01.01 ആർ സ്ഥലത്ത് രണ്ടു നില+ സെല്ലാർ നിർമ്മിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു.സൈറ്റും പ്ലാനും KPBR പാലിയ്ക്കുന്നു എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ സൈറ്റ് വേരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം സെക്രട്ടറി പെർമിറ്റ് നൽകിയിരുന്നു. (Cellar-30.96M2,G.F-57.60M2,F.F-57.60M2, ആകെ -146.16M2)

ചെറിയ പ്ലോട്ടിലുള്ള (>1.25ആർ) കെട്ടിടമായതിനാൽ KPBR-2011, അദ്ധ്യായം-8 ലെ ആനുകൂല്യങ്ങൾ പെർമിറ്റിനു നൽകിയിരുന്നു. ഭൗതിക പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ചട്ടം 64(1) പ്രകാരം തെരുവിനോടു ചേർന്നുള്ള പ്ലോട്ടതിരും കെട്ടിടവും തമ്മിലുള്ള ചുരുങ്ങിയ അകലം- 2M ആകണം.എന്നാൽ ദേശീയ ഹൈവേ,സംസ്ഥാന ഹൈവേ,ജില്ലാ റോഡ്,ഗ്രാമപഞ്ചായത്ത് റോഡ് എന്നിവയ്ക്ക് ഈ ഇളവില്ല. പ്രസ്തുത കെട്ടിടം കുന്നം-വാഹമുക്ക് റോഡിലാണ്.ഇത് ഗ്രാമപഞ്ചായത്ത് റോഡാണ്. ഇത്തരം റോഡുകൾക്കരികിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് റൂൾ 28(1) പ്രകാരം റോഡിന്റെ അതിരിൽ നിന്നും (അല്ലെങ്കിൽ ഉടമസ്ഥന്റെ അതിരിൽ നിന്നും) കുറഞ്ഞത് 3M അകലത്തിലേ കെട്ടിടം നിർമ്മിക്കാനാകൂ. എന്നാൽ ഈ കെട്ടിട നിർമ്മാണത്തിൽ പ്രസ്തുത ചട്ടം പാലിച്ചിട്ടില്ല. അതിരിൽ നിന്നും 2M മാത്രമാണ് വിട്ടിട്ടുള്ളത്. ഇത് കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 220b യുടെ ലംഘനം കൂടിയാണ്. ഇത്തരത്തിൽ ചട്ടം ലംഘിച്ച് കെട്ടിടം നിർമ്മിച്ചത് സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. കെട്ടിടത്തെ അനധികൃത കെട്ടിടമെന്ന തലത്തിൽ കണക്കാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**C) N.S.S കരയോഗത്തിനു കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് പെർമിറ്റ് അനുവദിച്ചു.**

| അപേക്ഷ നമ്പർ/ തീയതി | പെർമിറ്റ് നമ്പർ/ തീയതി | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിനിയോഗം | പ്ലിന്ത് ഏരിയ (M2) |
|---|---|---|---|---|
| E-file No:322894 | A1-BA(0)/2018; 30.01.2018 | ശ്രീ ഭൂതനാഥവിലാസം NSSകരയോഗം,കൊല്ലമുള. | വാണിജ്യം | 89.1 |

**പ്രസ്തുത കെട്ടിട നിർമ്മാണ സ്ഥലത്ത് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ട ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.**

**(i)സെറ്റ് ബാക്ക് നിബന്ധന പാലിച്ചിട്ടില്ല.**

തെരുവതിരിനും കെട്ടിടത്തിനുമിടയിൽ ഒഴിച്ചിടേണ്ട സ്ഥലമാണ് സെറ്റ് ബാക്ക് അളവ് എന്നു പറയുന്നത്. റൂൾ 28(1) പ്രകാരം റോഡിന്റെ അതിരിൽ നിന്നും (അല്ലെങ്കിൽ ഉടമസ്ഥന്റെ അതിരിൽ നിന്നും) കുറഞ്ഞത് 3M അകലത്തിലേ കെട്ടിടം നിർമ്മിക്കാനാകൂ.ചാത്തൻതറ-മുക്കൂട്ടുതറ റോഡിൽ നിർമ്മിച്ചിട്ടുള്ള ഈ കെട്ടിട നിർമ്മാണത്തിൽ പ്രസ്തുത ചട്ടം പാലിച്ചിട്ടില്ല.ഇത് PWD റോഡു കൂടിയാണ്. ഈ റോഡിന്റെ അതിരിൽ നിന്നും 1.5M മാത്രമാണ് വിട്ടിട്ടുള്ളത്.

**(ii) ചട്ടം-27 പ്രകാരമുള്ള തുറന്ന സ്ഥലം കെട്ടിടത്തിനില്ല:-**

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011 പ്രകാരം കെട്ടിടത്തിന്റെ അകത്തേയും പുറത്തേയും വായു സഞ്ചാരത്തിനുള്ള തുറന്ന സ്ഥലങ്ങൾ നിഷ്കർശിച്ചിട്ടുണ്ട്.റൂൾ 27(3) പ്രകാരം 7M വരെ ഉയരമുള്ള കെട്ടിടത്തിന്റെ മുൻവശത്തിനു (Front Yard) 3M അല്ലെങ്കിൽ Min-1.8 &Avg-3M തുറന്ന സ്ഥലം ഉണ്ടാകണം.

കെട്ടിടത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പു കാരണം എല്ലാ വശത്തും ഒരേ പോലെ 3M കിട്ടാത്തപ്പോൾ ഇനി പറയുന്ന പോലെ ശരാശരി കണക്കാക്കാം. Front Yard ന്റെ ഒരു ഭാഗത്ത് 1.8M ഉള്ളൂവെങ്കിൽ മറു ഭാഗത്ത് 4.2M ഉണ്ടായിരിക്കണം. എങ്കിലേ ശരാശരി 3M ലഭിക്കൂ.(1.8+4.2)/2=3M

എന്നാൽ നിലവിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിനു ഈ നിബന്ധനകൾ പാലിച്ചിട്ടില്ല. ശരാശരി 1M മാത്രമാണ് കെട്ടിടത്തിന്റെ പില്ലറിന് എല്ലാ വശങ്ങളിലും അതിരിൽ നിന്നുള്ള അകലം ഉള്ളൂ. തുറന്ന

സ്ഥലത്തേക്കു റൂഫ് അതിക്രമിച്ചു നിർമ്മിച്ചിരിക്കുകയാണ്.ഒരു വശത്ത് പാർശ്വാങ്കണം കെട്ടിടത്തിനില്ല.ആ ഭാഗത്ത് കരയോഗത്തിന്റെ സ്വന്തം കെട്ടിടത്തോട് ചേർത്ത് നിർമ്മിച്ചിരിക്കുകയാണ്.

**(iii) കവറേജ്, F.A.R എന്നിവ നിർണ്ണയിക്കാനായിട്ടില്ല.**

കവറേജ്, F.A.R (തറവിസ്തീർണ്ണാനുപാതം) എന്നിവ നിർണ്ണയിക്കാനാവശ്യമായ രേഖകൾ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ചിട്ടില്ല. കെട്ടിടത്തിന്റെ ലൊക്കേഷൻ സ്കെച്ച് വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയിട്ടില്ല. അപേക്ഷ പ്രകാരം 1.62 ആർ സ്ഥലത്താണ് കെട്ടിടം നിർമ്മിക്കുന്നതെന്നാണ് കാണിച്ചിട്ടുള്ളത് ( സർവ്വെ നമ്പർ :S-780/1,1332,1334,1348,1362-കൊല്ലമുള വില്ലേജ്). നിർദ്ദിഷ്ഠ കെട്ടിടത്തിനു അടുത്തുള്ള കെട്ടിടം 8/283 എന്ന കരയോഗത്തിന്റെ തന്നെ സ്വന്തമായുള്ള കെട്ടിടമാണ്.എന്നാൽ ഈ കെട്ടിടത്തിന്റെ അളവുകൾ പ്ലാനിൽ കാണിച്ചിട്ടില്ല. ആയതിനാൽ കവറേജ്, F.A.R എന്നിവ നിർണ്ണയിക്കാനായിട്ടില്ല. ഭൗതിക പരിശോധനയിൽ കെട്ടിടത്തിന് ആവശ്യമായ കവറേജ് ഇല്ല എന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. KPBR-ചട്ടം 3 പ്രകാരം F.A.R,coverage, പാർക്കിംഗ്,പ്ലോട്ടിലേക്കുള്ള വഴിയുടെ വീതി,പ്ലോട്ടിലേക്ക് പ്രവേശനം നൽകുന്ന തെരുവിന്റെ വീതി എന്നിവ കണക്കാക്കുന്നതിന് നിലവിലുള്ളതും നിർദ്ദിഷ്ഠവുമായ കെട്ടിടത്തിന്റെ എല്ലാ ഏരിയയും കണക്കാക്കണം.എന്നാൽ അപ്രകാരമുള്ള നിബന്ധന പാലിക്കാതെയാണ് അസിസ്റ്റന്റ് എഞ്ചിനീയർ പെർമിറ്റിനു ശുപാർശ ചെയ്തിട്ടുള്ളത്.

**(iv) പാർക്കിംഗ് നിബന്ധനകൾ പാലിച്ചിട്ടില്ല.**

KPBR-2011,റൂൾ 38(1) പ്രകാരം വാണിജ്യ കെട്ടിടങ്ങൾക്ക് കാർപ്പറ്റ് ഏരിയയുടെ 75m2 നു ഒരു കാർ പാർക്കിംഗിനുള്ള സ്ഥലം എന്ന ക്രമത്തിൽ പ്ലോട്ടിൽ സ്ഥലം ഒരുക്കേണ്ടതാണ്.ഒരു കാർ പാർക്കിംഗിനുള്ള ഏരിയ എന്നു പറയുന്നത് 5.5x2.7=14.85M2 ആണ്.

കാറ്റഗറി-I പഞ്ചായത്തിന് യാതൊരു ഇളവും പാർക്കിംഗിന് ഇല്ല. എന്നാൽ കാറ്റഗറി-II പഞ്ചായത്തിന് ആവശ്യമായ പാർക്കിംഗിന്റെ 75% വരെയുണ്ടെങ്കിൽ പെർമിറ്റ് അനുവദിക്കാവുന്നതാണ്.

ചട്ടം 38(4) പ്രകാരം കാർ പാർക്കിംഗിനുള്ള സ്ഥലത്തിന്റെ 25% ഇരുചക്രവാഹനങ്ങൾക്ക് അധികമായി സ്ഥലം പ്ലോട്ടിൽ ലഭ്യമാക്കേണ്ടതാണ്. ഒരു ബൈക്ക് പാർക്ക് ചെയ്യാനാവശ്യമായ സ്ഥലം എന്നത് $3M^2$.

ഈ കെട്ടിടത്തിനു പ്ലാൻ പ്രകാരമുള്ള കാർപ്പറ്റ് ഏരിയ എന്നത് 89.1M2 ആണ് . എന്നാൽ പ്ലോട്ടിലുള്ള നിലവിലുള്ള കെട്ടിടത്തിന്റെ അളവ് പ്ലാനിൽ കാണിക്കാത്തതിനാൽ പാർക്കിംഗിനുള്ള അളവ് കൃത്യമല്ല.ഇത് പ്ലോട്ടിൽ കാണിച്ചിട്ടുമില്ല. നേരിട്ടു നടത്തിയ പരിശോധനയിൽ പാർക്കിംഗിനു യാതൊരു സ്ഥലവും സൈറ്റിൽ ഇല്ലയെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇത്രയും ഗുരുതരമായ ചട്ടലംഘനത്തിനു കൂട്ടു നിന്ന സാങ്കേതിക വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ തലത്തിൽ നടപടിയെടുക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**D) കവറേജ് നിബന്ധന പാലിക്കാതെയുള്ള കെട്ടിടനിർമ്മാണത്തിന് അനുമതി നൽകി**

| അപേക്ഷ നമ്പർ/തീയതി | പെർമിറ്റ് നമ്പർ/ തീയതി | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിനിയോഗം | പ്ലിന്ത് ഏരിയ (M2) |
|---|---|---|---|---|
| 2804/17;05.07.17 | A1-BA(22135) /2018 | പ്രസിഡന്റ്,SNDP ബ്രാഞ്ച്,ചാത്തൻതറ | താമസാവശ്യം | 193 |

**പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടം ആരാധനാലയം എന്നും പെർമിറ്റ് നൽകിയിട്ടില്ല എന്നും രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ പെർമിറ്റ് നൽകിയതായി കണ്ടു.**

ചാത്തൻതറ ജംഗ്ഷനിൽ നിർമ്മിക്കുന്ന കെട്ടിടം ഭൗതിക പരിശോധന നടത്തിയതിൽ താമസാവശ്യത്തിനല്ല (A2) വാണിജ്യ കെട്ടിടമായാണ് നിർമ്മിക്കുന്നതെന്ന് കാണുന്നു.മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു

**(i) ചട്ടം-27 പ്രകാരമുള്ള തുറന്ന സ്ഥലം കെട്ടിടത്തിനില്ല:-**

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011 പ്രകാരം കെട്ടിടത്തിന്റെ അകത്തേയും പുറത്തേയും വായു സഞ്ചാരത്തിനുള്ള തുറന്ന സ്ഥലങ്ങൾ നിഷ്കർശിച്ചിട്ടുണ്ട്.റൂൾ 27(3) പ്രകാരം 7M വരെ ഉയരമുള്ള കെട്ടിടത്തിന്റെ മുൻവശത്തിനു (Front Yard) 3M അല്ലെങ്കിൽ Min-1.8 &Avg-3M തുറന്ന സ്ഥലം ഉണ്ടാകണം.

കെട്ടിടത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പു കാരണം എല്ലാ വശത്തും ഒരേ പോലെ 3M കിട്ടാത്തപ്പോൾ ഇനി പറയുന്ന പോലെ ശരാശരി കണക്കാക്കാം. Front Yard ന്റെ ഒരു ഭാഗത്ത് 1.8M ഉള്ളൂവെങ്കിൽ മറു ഭാഗത്ത് 4.2M ഉണ്ടായിരിക്കണം. എങ്കിലേ ശരാശരി 3M ലഭിക്കു.(1.8+4.2)/2=3M

എന്നാൽ നിലവിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിനു ഈ നിബന്ധനകൾ പാലിച്ചിട്ടില്ല. ശരാശരി 2M മാത്രമാണ് കെട്ടിടത്തിന്റെ പില്ലറിന് മുൻ വശത്തെ അതിരിൽ നിന്നുള്ള അകലം ഉള്ളൂ. തുറന്ന സ്ഥലത്തേക്കു കാർ പോർച്ച് അതിക്രമിച്ചു നിർമ്മിക്കുകയാണ്.മുൻവശത്തെയും സൈഡ് വശത്തെ അതിർത്തിയിലും ഇത്തരത്തിൽ തുറന്ന സ്ഥലത്തേക്ക് റൂഫിംഗിന്റെ തള്ളലുകൾ വന്നിട്ടുണ്ട്

**(ii) സെറ്റ് ബാക്ക് നിബന്ധന പാലിച്ചിട്ടില്ല.**

തെരുവതിരിനും കെട്ടിടത്തിനുമിടയിൽ ഒഴിച്ചിടേണ്ട സ്ഥലമാണ് സെറ്റ് ബാക്ക് അളവ് എന്നു പറയുന്നത്. റൂൾ 28(1) പ്രകാരം ഗ്രാമപഞ്ചായത്ത് റോഡിന്റെ അതിരിൽ നിന്നും (അല്ലെങ്കിൽ ഉടമസ്ഥന്റെ അതിരിൽ നിന്നും) കുറഞ്ഞത് 3M അകലത്തിലേ കെട്ടിടം നിർമ്മിക്കാനാകൂ. എന്നാൽ ഈ കെട്ടിട നിർമ്മാണത്തിൽ പ്രസ്തുത ചട്ടം പാലിച്ചിട്ടില്ല. അതിരിൽ നിന്നും 2M മാത്രമാണ് വിട്ടിട്ടുള്ളത്. ഇവിടെ പോർച്ച് അനുവദിച്ചത് ക്രമപ്രകാരമല്ല.പോർച്ചിനുള്ള പില്ലറുകൾ നിർമ്മിക്കുന്നത് മേൽ ചിത്രത്തിൽ നിന്നും വ്യക്തമാണ്. ഇത് കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 220b യുടെ ലംഘനം കൂടിയാണ്.

**(iii) കവറേജ് നിബന്ധന ലംഘിച്ച പ്ലാനിനു അനുമതി നൽകി.**

ഒരു പ്ലോട്ടിന്റെ എത്ര ശതമാനം ഭാഗത്ത് കെട്ടിടം വ്യാപിച്ചിരിക്കുന്നു എന്നതാണ് കവറേജ് കൊണ്ട് അർത്ഥമാക്കുന്നത്. KPBR റൂൾ 35(2) പ്രകാരം കാറ്റഗറി-II ഗ്രാമപഞ്ചായത്തുകളിൽ A2-വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് 55% മാത്രമാണ് പരമാവധി കവറേജ് അനുവദിച്ചിട്ടുള്ളത്.എന്നാൽ ഇവിടെ ഈ നിയമം ലംഘിച്ച കെട്ടിട പ്ലാനിനു അനുമതി നൽകിയത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കാണുന്നു.

പ്ലോട്ട് ഏരിയ:3.24 ആർ' (സർവ്വെ നമ്പർ:780/1-1/807, കൊല്ലമുള വില്ലേജ്)

ഗ്രൗണ്ട് ഫ്ലോർ:176

പോർച്ച്:28

ആകെ=204

കവറേജ് = <u>ബിൽഡിംഗ് ഏരിയ</u> x100 %

പ്ലോട്ട് ഏരിയ

=204/324x100%

=62.96%

കവറേജ് നിബന്ധന ലംഘിച്ച കെട്ടിടത്തിന്റെ പ്ലാനിനു അനുമതി നൽകിയതിനു അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർക്കെതിരെ വകുപ്പുതലത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**E) ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡിനോടു ചേർത്ത് സൂപ്പർമാർക്കറ്റ് നിർമ്മിക്കാൻ അനുമതി നൽകി.**

| അപേക്ഷ നമ്പർ/തീയതി | പെർമിറ്റ് നമ്പർ/ തീയതി | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിനിയോഗം | പ്ലിന്ത് ഏരിയ (M2) |
|---|---|---|---|---|
| 1896/16;26.04.16 | A2-1896/16; 30.06.16 | ജോർജ്ജ് തോമസ്സ്, തടത്തിൽപ്പറമ്പിൽ | വാണിജ്യം | 187.34 |

ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡിനോട് ചേർത്താണ് ഈ വാണിജ്യ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ മുൻ ഭാഗത്ത് ആവശ്യം വേണ്ട 3M തുറന്ന സ്ഥലം

വിട്ടിട്ടില്ല എന്നു കണ്ടു.

ബസ് സ്റ്റാൻഡിന്റെ അതിർത്തിയിൽ നിന്നും ശരാശരി 2M മാത്രമാണ് മുൻവശം വിട്ടിട്ടുള്ളത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011 പ്രകാരം കെട്ടിടത്തിന്റെ അകത്തേയും പുറത്തേയും വായു സഞ്ചാരത്തിനുള്ള തുറന്ന സ്ഥലങ്ങൾ നിഷ്കർശിച്ചിട്ടുണ്ട്.റൂൾ 27(3) പ്രകാരം 7M വരെ ഉയരമുള്ള കെട്ടിടത്തിന്റെ മുൻവശത്തിനു (Front Yard) 3M അല്ലെങ്കിൽ Min-1.8 &Avg-3M തുറന്ന സ്ഥലം ഉണ്ടാകണം.

കെട്ടിടത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പു കാരണം എല്ലാ വശത്തും ഒരേ പോലെ 3M കിട്ടാത്തപ്പോൾ ഇനി പറയുന്ന പോലെ ശരാശരി കണക്കാക്കാം. Front Yard ന്റെ ഒരു ഭാഗത്ത് 1.8M ഉള്ളൂവെങ്കിൽ മറു ഭാഗത്ത് 4.2M ഉണ്ടായിരിക്കണം. എങ്കിലേ ശരാശരി 3M ലഭിക്കു.(1.8+4.2)/2=3M

എന്നാൽ നിലവിലെ കെട്ടിടം ഈ നിബന്ധന പാലിച്ചിട്ടില്ല.ബസ് സ്റ്റാൻഡിന്റെ അതിർത്തി നിർണ്ണയിച്ച് മതിൽ കെട്ടി ഗ്രാമപഞ്ചായത്ത് സംരക്ഷിച്ചിട്ടുമില്ല.

ഇത്തരത്തിൽ വാണിജ്യ കെട്ടിടങ്ങൾക്കു പെർമിറ്റ് നൽകിയതിൽ വ്യാപകമായ ചട്ട ലംഘനങ്ങൾ നടന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. സൈറ്റ് പരിശോധിച്ചു കെട്ടിട നിർമ്മാണ പ്ലാനുകൾ KPBR-2011 ലെ നിയമങ്ങൾ പാലിക്കുന്നു എന്നു റിപ്പോർട്ട് നൽകിയ ഓവർസിയർ,എഞ്ചിനീയർ എന്നിവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഈ റിപ്പോർട്ട് ലഭിച്ച് 7 ദിവസത്തിനകം അസി.എഞ്ചിനീയർ, ബന്ധപ്പെട്ട ഓവർസിയർമ്മാർ എന്നിവർ ഓഡിറ്റിന് വിശദീകരണം നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ വിവരം അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് തലത്തിൽ അന്വേഷണവും ഓഡിറ്റ് ശുപാർശ ചെയ്യുന്നതായിരിക്കും.

## 2-2 രസീതുപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2017-18 സാമ്പത്തിക വർഷം കൃഷി ഓഫീസർക്ക് വിതരണം ചെയ്ത 17630,17631,17632,17643,17644,17645 എന്നീ രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥർക്ക് രസീതുബുക്കുകൾ നൽകുമ്പോൾ കൃത്യമായി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

വെറ്ററിനറി സർജന് വിതരണം ചെയ്ത 17633 മുതൽ 17642 വരെയുള്ള രസീതുബുക്കുകളിൽ 17634,17635 എന്നീ രസീതുബുക്കുകൾ മാത്രമാണ് 2017-18 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചിട്ടുള്ളത്. ഇതിൽ 17635 നമ്പർ രസീതുബുക്കിലെ 77 വരെയുള്ള രസീതുകളാണ് ഉപയോഗിച്ചിട്ടുള്ളത്. ഉപയോഗിക്കാതെ അവശേഷിച്ച രസീതുബുക്കുകൾ തിരികെ ഗ്രാമപഞ്ചായത്തിൽ ഏല്പിച്ചിട്ടുമില്ല.

സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ (78 മുതൽ 100 വരെയുള്ളവ) ക്യാൻസൽ ചെയ്തു സാക്ഷ്യപ്പെടുത്തേണ്ടതാണ്.നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നുണ്ടെന്നുണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല

പഞ്ചായത്തിലെ അംഗീകൃത കോൺട്രാക്ടർമാരായ, ചുവടെ പറയുന്ന വ്യക്തികളിൽനിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ജോൺ.സി.ജോർജ്, മാമ്പറമ്പിൽ വീട്, വെച്ചൂച്ചിറ
2. മാത്യു.കെ.എം, കണ്ണേത്ത് വീട്, ചാത്തൻതറ
3. വർഗ്ഗീസ്.പി.എം, പ്ലാത്താനത്ത് വീട്, നീലിപ്ലാവ്
4. സിബി ജോസഫ്, മണിമലേത്ത് വീട്, വെച്ചൂച്ചിറ
5. പുരുഷോത്തമൻ നായർ,മാവുങ്കൽ വീട്, കുന്നം
6. ബബിലു ടോം സ്കറിയ, കാർമല എസ്റ്റേറ്റ്, പയ്യനാമൺ
7. സാബു ഫ്രാൻസിസ്,മണിയങ്ങാട്ട് വീട്, വെച്ചൂച്ചിറ
8. തോമസ് ജോസഫ്, മണിമലേത്ത് വീട്,വെച്ചൂച്ചിറ

9. അലക്സ്.കെ.വി,കുളത്തുങ്കൽ,മണ്ണടിശ്ശാല

10. പി.എ.ഫിലിപ്പ്,പുളീയ്ക്കൽ വീട്,വെച്ചൂച്ചിറ

11. പി.ആർ.ഗോപാലൻ,പ്ലാക്കുഴിയിൽ വീട്,എരുമേലി

12. ജോസ്.വി.സാലി, വളയത്ത് വീട്, ചാത്തൻതറ

13. ജോസഫ് ഫിലിപ്പ്, പുളീയ്ക്കൽ വീട്,വെച്ചൂച്ചിറ

14. വിനു.പി.കെ,പുതുപ്പറമ്പിൽ വീട്, മണ്ണടിശ്ശാല

15. റോണി ജോസഫ്, മണിമലേത്ത് വീട്, വെച്ചൂച്ചിറ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ വ്യക്തികളിൽനിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ്- അപാകതകൾ

**(i)ചട്ട പ്രകാരം ലൈസൻസ് പുതുക്കുന്നില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തീയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തീയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2017-18 വർഷത്തിൽ ഭൂരിപക്ഷം സ്ഥാപനങ്ങളും ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

**(ii)വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾ നൽകാൻ നിർദ്ദേശിക്കേണ്ടതും അവയിൽ നിന്നെല്ലാം ലൈസൻസ് ഫീസ് സമയബന്ധിതമായി ഈടാക്കേണ്ടതുമാണ്.

**(iii)എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തേണ്ടതുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്ന് വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങി തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് |
|---|---|---|

| നം | | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ലിറ്റിൽ ഫ്ലവർ പ്രിന്റിംഗ് ഇൻഡസ്ട്രീസ്, വെച്ചൂച്ചിറ | 6 |
| 2 | സിസറോൺ കാറ്ററിംഗ്സ് | 4 |
| 3 | ശ്രീദുർഗ്ഗ കാറ്ററിംഗ്സ് | 4 |
| 4 | വെച്ചൂച്ചിറ ക്ഷീരോല്പാദകസഹകരണസംഘം | 4 |
| 5 | പഴനിലത്ത് ഇൻഡസ്ട്രീസ് | 3 |
| 6 | ലിറ്റിൽ ഫ്ലവർ ഓഫ്സെറ്റ് പ്രസ്സ് | 3 |
| 7 | സിറ്റി സെന്റർ സൂപ്പർമാർക്കറ്റ് | 3 |
| 8 | ജനസേവനകേന്ദ്രം,വെൺകുറിഞ്ഞി | 3 |

ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണ്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാസ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയുമ സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്ന് ഉറപ്പു വരുത്താൻകഴിയും.

## 2-5 വാടകക്കാരുമായി നിയമാനുസൃതം കരാർ ചമയ്ക്കുന്നില്ല

കെട്ടിടങ്ങൾ വാടകയ്ക് നൽകുമ്പോൾ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ വാടകയുടെ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കരാറുകാരിൽ നിന്ന് വ്യവസ്ഥകൾ ഉൾപ്പെടുത്താതെ ശൂന്യമായ കരാർ പത്രങ്ങൾ വാങ്ങി സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007 തീയതിയിലെ നം.എച്ച് 1-13880/06ലെ 21-ാംനമ്പർ ആയുള്ള സർക്കുലറിൽ പഞ്ചായത്ത് കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതു പ്രകാരം വിശദമായതും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-6 റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56(ബി) പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലും ഇ.എം.ഡി. ഇനത്തിലും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്ന തുകകൾ മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യാതെ വരുമ്പോൾ അവ പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം റീഫണ്ട് ചെയ്യാത്ത തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | റീഫണ്ട് ചെയ്യാത്ത തുക | തുക വരവ് വന്ന വർഷം |
|---|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 3000 | 2015-16 |
| | 5000 | 2015-16 |

| | | |
|---|---|---|
| ബിഡേഴ്സ് ഇ.എം.ഡി | | |
| സപ്ലയേഴ്സ് സെക്യൂറിറ്റി ഡെപ്പോസിറ്റ് | 15626 | 2015-16 |
| **ആകെ** | **23626** | |

പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാനമെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡി - അനർഹർക്ക് നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡി നൽകൽ(17/17-18) |
| വകയിരുത്തിയ തുക | 250000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | 175000- ബിൽ നം-14/17-18 തീയതി 14-03-2018<br>35000- ബിൽ നം-18/17-18 തീയതി 24-03-2018<br>15000- ബിൽ നം-29/17-18 തീയതി 31-03-2018<br>ആകെ- 225000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

ടി പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ 45 ഗുണഭോക്താക്കളിൽ 22 പേരും 2017-18 സാമ്പത്തിക വർഷം തുടങ്ങുന്നതിന് വളരെ മുൻപ് വാട്ടർ കണക്ഷൻ എടുത്തവരാണ്. വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള കൺസ്യൂമർ ലെഡ്ജർ പ്രകാരം നിലവിൽ വാട്ടർ കണക്ഷൻ ഉള്ള 15 ഗുണഭോക്താക്കൾക്കാണ് ടി പ്രോജക്ട് പ്രകാരം സബ്സിഡി നൽകിയിരിക്കുന്നത്. സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വാട്ടർ കണക്ഷൻ എടുത്ത തീയതി | നൽകിയ തുക |
|---|---|---|---|
| 1 | രാജമണി .കെ.ജി<br>തെക്കേപ്പുറത്ത്<br>ചാത്തൻതറ | 11-12-2015 | 5000 |
| 2 | ജോജി.കെ<br>കല്ലുപറമ്പിൽ വീട്<br>വെച്ചൂച്ചിറ.പി.ഒ | 24-12-2016 | 5000 |
| 3 | ബിന്ദു ആനന്ദൻ<br>മണ്ണിൽപറമ്പിൽ | 31-08-2016 | 5000 |

| | | | |
|---|---|---|---|
| | ചാത്തൻതറ.പി.ഒ | | |
| 4 | കുര്യൻ ചാക്കോ<br>മുല്ലയ്ക്കൽ<br>കൂത്താട്ടുകുളം | 21-03-2015 | 5000 |
| 5 | ജോൺ പോത്തൻ<br>ചിറയ്ക്കൽ<br>വെച്ചൂച്ചിറ.പി.ഒ | 30-12-2016 | 5000 |
| 6 | ശോശാമ്മ ചെറിയാൻ<br>ഈട്ടിയ്ക്കൽ<br>ചെമ്പനോലി | 06-10-2016 | 5000 |
| 7 | സെബാസ്റ്റ്യൻ<br>പടിഞ്ഞാറെ മുറിയിൽ<br>ചാത്തൻതറ.പി.ഒ | 11-02-2015 | 5000 |
| 8 | ശിവരാമൻ ചെട്ടിയാർ<br>ഓടച്ചുവട്ടിൽ<br>ചേത്തയ്ക്കൽ | 25-04-2015 | 5000 |
| 9 | സുജ സണ്ണി<br>ചീരംവേലിൽ<br>മണ്ണടിശ്ശാല.പി.ഒ | 26-10-2016 | 5000 |
| 10 | മറിയാമ്മ തോട്ടുങ്കൽ<br>വെച്ചൂച്ചിറ<br>ചേത്തയ്ക്കൽ | 24-12-2016 | 5000 |
| 11 | ലിസമ്മ ജോസഫ്<br>മഠത്തിൽക്കുന്നേൽ<br>സന്തോഷ് കവല | 01-12-16 | 5000 |
| 12 | ലീലാമ്മ<br>അമ്പാട്ട്<br>വെച്ചൂച്ചിറ.പി.ഒ | 21-12-2016 | 5000 |
| 13 | ജോസഫ് തോമസ്<br>പുല്ലാട്ട്<br>മുക്കൂട്ടുതറ.പി.ഒ | 12-02-2014 | 5000 |
| 14 | വിജയകുമാർ.കെ<br>ഓരോപൊയ്കയിൽ<br>മണ്ണടിശ്ശാല.പി.ഒ | 28-12-2016 | 5000 |
| 15 | അന്നമ്മ മാത്യു<br>താനാപ്ലാമൂട്ടിൽ | 28-02-2015 | 5000 |

| | | | |
|---|---|---|---|
| | വെച്ചൂച്ചിറ.പി.ഒ | | |

2017 ഓഗസ്റ്റ് മാസത്തിലാണ് ടി വ്യക്തികളെ കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡി നൽകൽ എന്ന പ്രോജക്ടിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്. എന്നാൽ മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വാട്ടർ കണക്ഷൻ എടുത്ത 15 പേർക്കാണ് വീണ്ടും സബ്സിഡി നൽകിയത്. ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതും അർഹതപ്പെട്ടവർക്ക് മാത്രം ആനുകൂല്യം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പട്ടികയിൽ പറഞ്ഞിരിക്കുന്നത് പ്രകാരം മുൻപ് വാട്ടർ കണക്ഷൻ എടുത്ത ഗുണഭോക്താക്കൾക്ക് വർഷങ്ങൾക്ക് ശേഷമാണ് സബ്സിഡി നൽകിയിരിക്കുന്നത്. ഒരു ആസ്തി ആർജ്ജിക്കുന്നതിന് വേണ്ടിയായിരിക്കണം സബ്സിഡി നൽകേണ്ടത്. എന്നാൽ ഇവിടെ ആസ്തി ആർജ്ജിച്ച് വർഷങ്ങൾക്ക് ശേഷമാണ് സബ്സിഡി നൽകിയിരിക്കുന്നത്. ടി പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 വെള്ളക്കരമിനത്തിൽ വൻതുക കുടിശ്ശിക

കേരള വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള 2019 ജനുവരി മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 5255453 രൂപ ഗ്രാമപഞ്ചായത്ത് വെള്ളക്കരമിനത്തിൽ അടവാക്കാൻ അവശേഷിക്കുന്നു. 2017 മാർച്ച് മാസത്തിന് ശേഷം വെള്ളക്കരമിനത്തിൽ തുക അടവാക്കിയിട്ടില്ല. 389 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 170188 രൂപയാണ് ഒരു മാസത്തെ ഡിമാന്റ് തുക. കൂടാതെ ജനുവരി മാസത്തെ ബിൽ പ്രകാരം ഫൈൻ ഇനത്തിലുള്ള തുക 97893 രൂപയാണ്. എല്ലാ മാസവും കൃത്യമായി തുക അടവാക്കാത്തതിനാൽ നിലവിലുള്ള ഡിമാന്റ് തുകയുടെ 2% വീതം ഫൈൻ ഇനത്തിൽ അടവാക്കേണ്ടി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

2017 ജനുവരി മാസം ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്തമായി ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് പരിശോധന നടത്തി. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13-05-2017-ലെ ഡി.ബി-2-1715/2009 നം. കത്ത് പ്രകാരം ആകെയുള്ള 300 ടാപ്പുകളിൽ 157 എണ്ണം ഒഴിവാക്കുണമെന്നും 141 എണ്ണം നിലനിർത്തണമെന്നും 2 എണ്ണം പുനസ്ഥാപിക്കണമെന്നും അറിയിച്ചിരുന്നു. 157 ടാപ്പുകൾ പ്ലഗ്ഗ് ചെയ്യുന്നതിനായി 250000 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തണമെന്നും ടി കത്ത് പ്രകാരം അറിയിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20-06-2017-ലെ VI(3)-ാം നമ്പർ തീരുമാന പ്രകാരം മതിയായ തനത് ഫണ്ട് ഇല്ലാത്തതിനാൽ ടാപ്പുകൾ പ്ലഗ്ഗ് ചെയ്യുന്നതിന് പ്രോജക്ട് രൂപീകരിക്കാൻ കഴിയില്ലായെന്ന തീരുമാനമെടുത്തിരുന്നു. ടി സാഹചര്യത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം അടവാക്കുന്നതിനും കുടിശ്ശിക തുകയിൽ ഇളവ് അനുവദിക്കണമെന്നും ആവശ്യമുന്നയിച്ച് 18-05-2018-ൽ ഗ്രാമപഞ്ചായത്ത് ബഹു.ജലവിഭവ വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയിരുന്നുവെങ്കിലും ഇത് സംബന്ധമായി തുടർനടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. പുതിയതായി 89 ടാപ്പുകൾ കൂടി ഉൾപ്പെടുത്തിയുള്ള ബില്ലാണ് ഗ്രാമപഞ്ചായത്തിന് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. 2017 മാർച്ച് മാസത്തിന് ശേഷം തുക അടവാക്കാത്തതിനാൽ വെള്ളക്കരമിനത്തിലും ഫൈൻ ഇനത്തിലും അരക്കോടിയോളം രൂപ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയായി നിലനിൽക്കുന്നു.

വെള്ളക്കരമിനത്തിൽ വൻതുക കുടിശ്ശികയായി നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ പ്ലഗ്ഗ് ചെയ്യുന്നതിനും കുടിശ്ശികയിനത്തിലുള്ള തുകയിൽ ഇളവ് ലഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ തീർപ്പ് ഉണ്ടാകാത്ത സാഹചര്യത്തിൽ വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക ഓരോ മാസവും വർദ്ധിക്കുകയാണ്. ടി വിഷയത്തിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ച് പുരോഗതിയെ സംബന്ധിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ഖരമാലിന്യ ശേഖരണത്തിനായി ഷെഡ് നിർമ്മിച്ചതിൽ ഗുരുതരമായ അപാകതകൾ.

2017-18 ൽ ഖരമാലിന്യം ശേഖരിച്ച് വയ്ക്കുന്നതിന് ഷെഡ് നിർമ്മാണത്തിനായി വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് 4.18 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 164/2017-18,ഖരമാലിന്യ |

| | |
|---|---|
| നമ്പർ,പേര് | ശേഖരണ ഷെഡ് നിർമ്മാണം. |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ വിഹിതം. |
| അടങ്കൽ | 473146 |
| ബിൽ തുക,ബിൽ നമ്പർ | 10/17-18;28.09.17<br>-₹418707 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കൺവീനർ | സെബാസ്റ്റ്യൻ ദേവസ്യ,കുന്നത്തു പൊതിയിൽ, വെച്ചൂച്ചിറ P.O |
| എം ബുക്ക് നം | 77/2017 |



(മാലിന്യം സൂക്ഷിക്കുന്നതിനായി നിർമ്മിച്ച ഷെഡ്)

പദ്ധതിയുടെ ഭൗതിക പരിശോധനയിൽ വളരെ നിലവാരം കുറഞ്ഞ തരത്തിൽ ഒരു ഷെഡ് നിർമ്മിക്കുന്നതിന് 418707 രൂപ ചെലവഴിച്ചതായി ഓഡിറ്റിൽ ബോധ്യപ്പെട്ടു. ഖരമാലിന്യം സൂക്ഷിക്കുന്നതിന് ഷെഡ് നിർമ്മിക്കുക എന്നതു തന്നെ ഭാവനാശൂന്യമായ പദ്ധതിയാണ്.ഇതിനു ലക്ഷങ്ങൾ ചെലവഴിച്ചതിൽ അപാകതകളുണ്ട്. നേരിട്ടു പരിശോധിച്ചതിൽ പ്ലാസ്റ്റിക് ചാക്കുകളും വെച്ചൂച്ചിറ ചന്തയിലെ ജൈവ മാലിന്യങ്ങളും കൂട്ടിയിട്ടിരിക്കുന്നതായും കണ്ടു.

2016-17 ൽ 473146 രൂപയുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കുകയും റാന്നി ബ്ലോക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ലത M.S ഇതിനു സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു (LSGD/TS/2016-17/25229;19.03.17). ഇതിനായി ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും കൺവീനറുമായി 28.03.17 ൽ കരാർ ഒപ്പിടുകയും ചെയ്തു.(എഗ്രിമെന്റ് നം:79/16-17/AE/LSGD/VCRA). ഇതിനായി സൈറ്റ് 28.03.17 ൽ കൈമാറിയതായും നിർമ്മാണം 21.08.17 ൽ പൂർത്തീകരിച്ചതായും അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്.21.08.17 ൽ തന്നെ അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് നടത്തുകയും 20.09.17 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തുകയും ചെയ്തിരുന്നു. നിർമ്മാണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഫ്ലോറിംഗിനു റോഡ് കോൺക്രീറ്റിന്റെ അളവിൽ തുക നൽകിയതു സംബന്ധിച്ച്.

ഷെഡിനുള്ളിലെ ഫ്ലോറിംഗ് നടത്തിയതിനു റോഡ് കോൺക്രീറ്റിനായുള്ള 1:4:8 അളവിൽ 40mm മെറ്റൽ ഉപയോഗിച്ച് ആദ്യ മെറ്റലിംഗ് നടത്തിയതായും പിന്നീട് അതിനു മുകളിൽ 1:2:4 ളവിൽ 20mm മെറ്റൽ ഉപയോഗിച്ച് മെറ്റലിംഗ് നടത്തിയതായും എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് അംഗീകരിക്കാനാവില്ല. ഫ്ലോറിംഗിനു DSR കോഡ് 11.7 ആണ് അംഗീകൃതമായിട്ടുള്ളത്. ഇതിനു പകരം റോഡ് കോൺക്രീറ്റിന്റെ കനത്തിൽ (10cm+7.5cm=17.5 cm) ഫ്ലോറിംഗ് നടത്തിയെന്നു രേഖപ്പെടുത്തിയത് അംഗീകരിക്കുന്നില്ല.

ഫ്ലോറിംഗ് നടത്തേണ്ട അളവ് കോൺക്രിറ്റിംഗ് (എം ബുക്ക് പ്രകാരം)

(4.1.8)

11.85x3.10x0.075=2.755 11.85x3.10x0.10=3.6735

11.25x1.10x0.075=0.93 11.25x1.10x0.10=1.237

11.25x2.20x0.075=1.86 11.25x2.20x0.10=2.475

ആകെ =5.545m3 ആകെ =7.3855

(4.1.3)

11.85x3.10x0.075=2.755

11.25x1.10x0.075=0.93

11.25x3.25x0.075=2.742

=6.427

Ltd to 5.742m3

അധികം നൽകിയ തുക താഴെ പറയുന്നു.

| നൽകിയ തുക | | | നൽകാവുന്ന തുക | | | വ്യത്യാസം |
|---|---|---|---|---|---|---|
| DSR code | അളവ് (m3) | നിരക്ക് | DSR code | അളവ് (m3) | നിരക്ക് | |
| 4.1.8 | 7.3855 | 7.3855x5858.47=43267.73 | 11.7 | 5.545 | 5.545x7297.16 =40463 | |
| 4.1.3 | 5.742 | 5.742x7445.49=42752 | | | | |
| ആകെ | | 86020 | ആകെ | | 40463 | 45557 |

ഫ്ലോറിംഗിനു DSR-2014 പ്രകാരമുള്ള നിരക്ക് താഴെ ചേർക്കുന്നു.

**For Flooring:(DSR Code:11.7)**

**Details of cost for one m3**

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | M3 | 1 | 4753.29/m3 | 4753.29 |
| Labour:Extra labour for laying in floors etc | | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta,45.71% | | | | | 2289.16 |
| **Total** | | | | | **7297.16** |

അധികം നൽകിയ 45557 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2) അലുമിനിയം ട്രഫോർഡ് ഷീറ്റിനു പകരം നിലവാരം കുറഞ്ഞ G.I ഷീറ്റ് ഇട്ടു.

എം ബുക്ക് ഇനം 9 പ്രകാരം അലുമിനിയം പൗഡർ കോട്ടഡ് ട്രഫോർഡ് ഷീറ്റ് ഇട്ടതിനു A.E യും AEE യും മെഷർമെന്റും ചെക്ക് മെഷർമെന്റും നടത്തിയിട്ടുണ്ട്.എന്നാൽ ഓഡിറ്റ് നേരിട്ടു നടത്തിയ പരിശോധനയിൽ വളരെ നിലവാരം കുറഞ്ഞ G.I ഷീറ്റാണ് ഇട്ടതെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഷീറ്റ് ഇട്ടതിന്റെ അളവ്:-

2x13.90x3.60=100.08m2

1x13.90x0.60=8.34

ആകെ =108.42m2

നൽകിയ തുക:- 108.42@606.60/m2=₹65767.57

മേൽ പറഞ്ഞ അപാകതയ്ക്കു അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-19/2018 തീ 06-02-2019) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

3) എം ബുക്ക് ഇനം-7 ആയി ട്രസ്സ് വർക്ക് ആയി സ്റ്റീലുപയോഗിച്ച് (Mild Steel) ചെയ്തതായും അവ സ്റ്റീൽ പ്രൈമർ ഉപയോഗിച്ച് പെയിന്റ് ചെയ്തതിനും തുക നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റീൽ വർക്കല്ല നടന്നിട്ടുള്ളത്. ഇരുമ്പു കൊണ്ടുള്ള ട്രസ്സ് വർക്കാണ് നടത്തിയിട്ടുള്ളത്.ഇതിൽ പെയിന്റ് അടിച്ചിട്ടുമില്ല.

നൽകിയ തുക :- 381.743Kg@140.16/Kg=53505.09

4) <u>ചെലവു രേഖകളോ ബില്ലുകുളോ ഹാജരാക്കാത്ത കൺവീനർക്കു പ്രതിഫലം നൽകി.</u>

13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഈ പ്രവൃത്തിയുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. യാതൊരു ബില്ലുകളൊ ചെലവു വൗച്ചറുകളോ ഹാജരാക്കാത്ത കൺവീനർക്കു ബിൽ തുക നൽകിയതു ഗുരുതരമായ വീഴ്ചയാണ്. മേൽ വിവരിച്ച അപാകതകൾക്കു മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ഉത്തരവാദിയാണ്.

5) <u>സേവന നികുതി അടച്ചതിനു രേഖകളില്ല.</u>

10.5% സേവന നികുതിയായ 39787 രൂപ ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്.ഈ തുക അടവാക്കിയതായോ ഗ്രാമപഞ്ചായത്ത് തനതുഫണ്ടിൽ അടവാക്കിയതിനോ (പിന്നീട് അടയ്ക്കുന്നതിന്) രേഖകളില്ല. ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് യാതൊരു രേഖകളും ഹാജരാക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കു കഴിഞ്ഞിട്ടില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു ( നം:19/2018 തീയതി 06.02.2019) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഫ്ലോറിഗിനു അധികമായി നൽകിയ **45557 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.**ടി തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവു രേഖകൾ ഹാജരാക്കാത്തതിനാലും ഷീറ്റ് ഇട്ടതിലും ട്രസ്സ് വർക്കു നടത്തിയതിലും അപാകതകളുള്ളതിനാലും ബാക്കി ചെലവു തുകയായ **373150 രൂപ (418707-45557) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** സേവന നികുതിയ്ക്കായി പിൻവലിച്ച 39787 രൂപ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കാത്ത പക്ഷം ടി തുക നിരാകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കാൻ സർചാർജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും

## 3-4 38 ലക്ഷം രൂപയുടെ ചെലവു രേഖകൾ ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഓഡിറ്റിനു ഹാജരാക്കിയില്ല.

ക്ഷീര കർഷകർക്കു പാലിനു സബ്സിഡിയായി രണ്ടു പദ്ധതികളിൽ ഉൾപ്പെടുത്തി 38 ലക്ഷം രൂപ റാന്നി,ക്ഷീര വികസന ഓഫീസ്,ഡയറി എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി അനു.R.ബാബു, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിൽ ചെലഴിച്ചിരുന്നു. എന്നാൽ ചെലവിന്റെ രേഖകൾ കൃത്യമല്ലാത്തതും അപൂർണ്ണവുമായതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ സബ്സിഡി ലഭിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റിനു കൃത്യമായി കണക്കാക്കാനായിട്ടില്ല.

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A)

| | |
|---|---|
| പ്രൊജക്ട് നമ്പർ,പേര് | 93/2017-18,ക്ഷീര കർഷകർക്കു സബ്സിഡി നൽകൽ |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ)-200000<br>ബ്ലോക്ക് പഞ്ചായത്ത്-2450000.<br>ജില്ലാ പഞ്ചായത്ത്-300000 |

| | |
|---|---|
| | ആകെ-2950000 |
| ചെലവ് | വികസന ഫണ്ട് (ജനറൽ)-200000<br>ബ്ലോക്ക് പഞ്ചായത്ത്-1800000<br>ജില്ലാ പഞ്ചായത്ത്-300000<br>ആകെ-2300000 |

ചെലവിന്റെ ലഭ്യമായ രേഖകൾ.

| ഫണ്ടിനം | വിശദാംശം |
|---|---|
| വികസന ഫണ്ട് (ജനറൽ)-200000 | 101 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ബ്ലോക്ക് വിഹിതം-1267611 | 267 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ബ്ലോക്ക് വിഹിതം-414059 | 208 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ബ്ലോക്ക് വിഹിതം-78500 | 69 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ജില്ലാ പഞ്ചായത്ത് വിഹിതം-115187 | 93 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ജില്ലാ പഞ്ചായത്ത് വിഹിതം-34970 | 59 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ജില്ലാ പഞ്ചായത്ത് വിഹിതം-31729 | 63 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ജില്ലാ പഞ്ചായത്ത് വിഹിതം-50332 | 56 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ജില്ലാ പഞ്ചായത്ത് വിഹിതം-40038 | 70 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ജില്ലാ പഞ്ചായത്ത് വിഹിതം-27744 | 130 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |

B)

| പ്രൊജക്ട് നമ്പർ,പേര് | 102/2017-18,ക്ഷീര കർഷകർക്കു സബ്സിഡി നൽകൽ (വനിത) |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ)-200000<br>ബ്ലോക്ക് പഞ്ചായത്ത്-800000.<br>ജില്ലാ പഞ്ചായത്ത്-500000<br>ആകെ-1500000 |
| ചെലവ് | വികസന ഫണ്ട് (ജനറൽ)-200000<br>ബ്ലോക്ക് പഞ്ചായത്ത്-800000<br>ജില്ലാ പഞ്ചായത്ത്-500000<br>ആകെ-1500000 |

ചെലവിന്റെ ലഭ്യമായ രേഖകൾ.

| ഫണ്ടിനം | വിശദാംശം |
|---|---|
| വികസന ഫണ്ട് | 121 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ |

| | |
|---|---|
| (ജനറൽ)-200000 | സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ബ്ലോക്ക് വിഹിതം-567792 | നൂറോളം വ്യക്തികളുടെ പേരും തുകയും മാത്രമടങ്ങിയ ലിസ്റ്റ്.ഇതിൽ ബാങ്കിന്റെ പേരോ അക്കൗണ്ട് നമ്പരോ ഇല്ല.നിർവ്വഹണ ഉദ്യോഗസ്ഥയുടെയോ ബാങ്കിന്റെയോ ഒരു സാക്ഷ്യപ്പെടുത്തലുകളും ഇല്ല. |
| ബ്ലോക്ക് വിഹിതം-232208 | 130 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ജില്ലാ പഞ്ചായത്ത് വിഹിതം-243465 | 82 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ജില്ലാ പഞ്ചായത്ത് വിഹിതം-190631 | 131 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |
| ജില്ലാ പഞ്ചായത്ത് വിഹിതം-65904 | 105 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ഇട്ടതായി വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്. |

13 ാം പഞ്ചവൽസര പദ്ധതിയിലെ (2017-18) സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ(എം.എസ്) നം:80/2017/തസ്വഭവ;03.04.17) പാലിനു സബ്സിഡി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം നടത്തണം എന്നു നിഷ്കർശിച്ചിട്ടുണ്ട്.എന്നാൽ ക്ഷീര സംഘങ്ങളുടെ സ്റ്റേറ്റ്മെന്റുകൾ പ്രകാരമല്ല തുക നൽകിയിട്ടുള്ളത്.തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വന്നിട്ടുണ്ടോയെന്ന് രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനായിട്ടില്ല.

ക്ഷീര സഹകരണ സംഘം സെക്രട്ടറിയുടെ സാക്ഷ്യപത്രമോ ഡയറി ഫാം ഇൻസ്പെക്ടറുടെ പരിശോധന/ശുപാർശ സാക്ഷ്യപത്രമോ ഇല്ല. ക്ഷീര വികസന ഓഫീസറുടെ അനുമതിപത്രമോ ഹാജരാക്കിയിട്ടില്ല.

തുക ബാങ്കിനു കൈമാറുമ്പോൾ അതാത് ബാങ്കുകളുടെ ഉദ്യോഗസ്ഥരുടെ ഒപ്പോ ബാങ്ക് സീലോ ലിസ്റ്റിൽ ഉണ്ടാകേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനു ക്യാഷ് ആയി ബ്ളോക്ക് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും ലഭിക്കുമെന്നതിനാൽ സബ്സിഡി നൽകിയതിലെ സുതാര്യത ഉറപ്പാക്കാൻ ബാങ്കുകളുടെ സാക്ഷ്യപത്രം അത്യന്താപേക്ഷിതമാണ്. അടിയന്തിരമായി രേഖകൾ ഹാജരാക്കേണ്ടതാണ്. നിരന്തരം ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടും ഓഡിറ്റ് നേരിട്ട് ഫോൺ മുഖേന ബന്ധപ്പെട്ടിട്ടും നിർവ്വഹണ ഉദ്യോഗസ്ഥ രേഖകൾ സമയബന്ധിതമായി ഹാജരാക്കാൻ വിസമ്മതിച്ചിരുന്നു. തുടർന്ന് ഓഡിറ്റ് തീരുന്നതിനു തലേ ദിവസം മാത്രമാണ് കുറച്ചു രേഖകൾ മറ്റൊരാൾ വഴി ഹാജരാക്കിയിട്ടുള്ളത്.ഇത് പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചയായാണ് ഓഡിറ്റ് കാണുന്നത്. രേഖകൾ കൃത്യമായി ഹാജരാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് എൻക്വയറി (നം:-17/2018 തീയതി 05.02.2019) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചിരുന്നില്ല. രേഖകൾ ഹാജരാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് സമ്മൺസ് നോട്ടീസ് 15-02-2019-ൽ ഈ ഓഫീസിൽ നിന്നും നൽകിയിരുന്നു. തുടർന്ന് 05-03-2019-ൽ നിർവ്വഹണ ഉദ്യോഗസ്ഥ ഏതാനും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ മാത്രം അധികമായി ഹാജരാക്കുകയുണ്ടായി. ഇത് അംഗീകരിക്കാനാവില്ല. ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കഴിഞ്ഞിട്ടില്ല. അതിനാൽ ചെലവ് തുകയായ 38 ലക്ഷം രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിഷയത്തിൽ വകുപ്പുതലത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവ് തുക നിരാകരിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നതുമായിരിക്കും.

## 3-5 ഫ്രണ്ട് ഓഫീസിലേക്ക് വാങ്ങിയ ടച്ച് സ്ക്രീൻ കിയോസ്ക് പ്രവർത്തനക്ഷമമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ഫ്രണ്ട് ഓഫീസ് കിയോസ്ക്ക് സ്ഥാപിക്കൽ (05/18) |
| വകയിരുത്തിയ തുക | 119850-വികസന ഫണ്ട് |

| | |
|---|---|
| ചെലവ് തുക | 119850 |
| ബിൽ നമ്പരും തീയതിയും | 18 തീയതി 22-01-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ടെണ്ടർ നടപടി പ്രകാരം അവലോൺ സിസ്റ്റംസ് & സർവ്വീസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ് കിയോസ്ക്ക് വാങ്ങിയത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടി ഉപകരണം കവർ പോലും പൊട്ടിക്കാതെ ഫ്രണ്ട് ഓഫീസിൽ വച്ചിരിക്കുന്നതായി കണ്ടു.

മേൽ പറഞ്ഞ പ്രകാരം 22-01-2018-ൽ വാങ്ങിയ ടച്ച് സ്ക്രീൻ കിയോസ്ക് ബാക്ക് ഓഫീസുമായി ബന്ധിപ്പിച്ച് ഇൻഫർമേഷൻ കേരള മിഷൻ വികസസിപ്പിച്ച സെഫ്റ്റ് വെയർ വിന്യസിച്ച് ഓഡിറ്റ് തീയതിയിലും പ്രവർത്തന ക്ഷമമാക്കിയിട്ടുള്ളതായി കണ്ടില്ല. പൊതുപണം ചെലവഴിച്ച് ആർജ്ജിക്കുന്ന ആസ്തികൾ പ്രവർത്തനക്ഷമമാക്കി സംരക്ഷിക്കാതിരിക്കുന്നത് അവ ആർജ്ജിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്.

പഞ്ചായത്തുകളിൽ ഇൻഫോർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ പ്രോപ്പോസൽ അംഗീകരിച്ച് ചില വ്യവസ്ഥകൾക്ക് വിധേയമായി കെൽട്രോണിൽനിന്നും കിയോസ്കുകൾ വാങ്ങുന്നതിനാണ് സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നത് [സ.ഉ.(കൈ.)നം.241/2015/തസ്വഭവ, തീ. 22.07.2015]. ഇൻഫോർമേഷൻ കിയോസ്കുകൾക്ക് 3 വർഷ വാറന്റി ഉറപ്പുവരുത്തേണ്ടതും, നാലാം വർഷം മുതൽ കിയോസ്കുകളുടെ പരിപാലനത്തിന് AMC കരാർ നൽകേണ്ടതുമാണ്. AMC കരാറിൽ ഏർപ്പെടാത്ത പക്ഷം ആയതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്കായിരിക്കുമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. കിയോസ്കിന്റെ ഉപയോഗം സംബന്ധിച്ച് ആവശ്യമായ പരിശീലനം കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ പൊതുജനങ്ങൾക്ക് നൽകേണ്ടതുമാണ്.

മേൽ പറഞ്ഞത് ഉൾപ്പെടെയുള്ള ടി ഉത്തരവിലെ നിബന്ധനകൾ ഒന്നുംതന്നെ പാലിക്കാതെ ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്തുകയും, കിയോസ്ക് പ്രവർത്തനക്ഷമമാക്കുന്നതിനും, തുടർ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തതിലൂടെ കിയോസ്ക് ഒരു നിഷ്ക്രിയ ആസ്തിയായി പരിണമിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ കിയോസ്ക് വാങ്ങുന്നതിന് ചെലവഴിച്ച 119850രൂപ തടസ്സപ്പെടുത്തുന്നു. കിയോസ്ക് പ്രവർത്തനക്ഷമമാക്കി, ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തുടർ നടത്തിപ്പും സംരക്ഷണവും ഉറപ്പുവരുത്തി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## 3-6 കറന്റ് ചാർജ്ജ്- അധികമായി തുക അടവാക്കി

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് 26607 രൂപയാണ്. എന്നാൽ 2017 മെയ് മാസത്തെ കറന്റ് ചാർജ്ജിനത്തിൽ വൗച്ചർ നം-21700130 തീ 01-06-2017 പ്രകാരം അടവാക്കിയ തുക 27481 രൂപയാണ്. 874 രൂപ കുടിശ്ശികയിനത്തിൽ അധികമായി തുക അടവാക്കി

കുടിശ്ശികയിനത്തിൽ തുക അടവാക്കിയ അപാകതയ്ക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം- 13/05-02-2019) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കെ.എസ്.ഇ.ബി താരിഫ് ഉയർത്തിയതിന്റെ അടിസ്ഥാനത്തിലാണ് അധികമായി തുക അടവാക്കിയതെന്നാണ് അറിയിച്ചത്. എന്നാൽ ടി തുക താരിഫ് ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ അധികമായി അടവാക്കിയ തുകയല്ലായെന്നും ബിൽ പ്രകാരമുള്ള തുകയാണെന്നും കെ.എസ്.ഇ.ബി യിൽ നിന്നുമുള്ള ബില്ലിൽ നിന്നും വ്യക്തമാണ്. തുടർന്നുള്ള മാസങ്ങളിലും 2017 ഏപ്രിൽ മാസത്തെ ബിൽ പ്രകാരവും അടവാക്കിയിരിക്കുന്ന തുക 26607 രൂപ വീതമാണ്. പ്രസ്തുത സാഹചര്യത്തിൽ അധികമായി തുക അടവാക്കിയത് അംഗീകരിക്കാവുന്നതല്ല. പ്രസ്തുത തുക ഉത്തരവാദിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-7 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ- മാർഗ്ഗരേഖയിലെ

# വ്യവസ്ഥകൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ (158/18) |
| വകയിരുത്തിയ തുക | 20000- തനത് ഫണ്ട് |
| ചെലവ് തുക | 19830 |
| ചെക്ക് നമ്പരും തീയതിയും | 46908തീയതി 31-03-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ക്വട്ടേഷൻ നടപടി പ്രകാരം പ്രോമിസ് ലേഡീസ് സെന്റർ & സ്പോർട്സ് സെന്റർ, മുക്കൂട്ടുതറ എന്ന സ്ഥാപനത്തിൽ നിന്നുമാണ് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി 10 ക്ളബ്ബുകൾക്കായി വിതരണം ചെയ്തത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഭരണസമിതി തെരഞ്ഞെടുക്കുന്ന ക്ലബ്ബുകൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്പോർട്സ് കിറ്റ് നൽകേണ്ടത്. എന്നാൽ ടി വ്യവസ്ഥ നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. കൂടാതെ രജിസ്ട്രേഷൻ ഉള്ള ക്ലബ്ബുകൾക്ക് മാത്രമെ സ്പോർട്സ് കിറ്റ് നൽകാവൂ എന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്ലബ്ബുകളുടെ രജിസ്ട്രേഷൻ രേഖകൾ ഉറപ്പുവരുത്താതെയാണ് പ്രസ്തുത ആനുകൂല്യം നൽകിയിട്ടുള്ളത്.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി( നം-14/05-02-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സ്പോർട്സ് കിറ്റ് വിതരണം ചെയ്ത സാഹചര്യത്തിൽ ചെലവ് തുകയായ 19830 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാതകകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-8 വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ്.സി.പി)- (101/18) |
| വകയിരുത്തിയ തുക | 2250000- വികസന ഫണ്ട് |
| ചെലവ് തുക | 525000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

2250000 രൂപ വികസന ഫണ്ട് വകയിരുത്തിയ പദ്ധതിയിൽ 525000 രൂപ മാത്രമാണ് ചെലവ്. 65 ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉണ്ടായിരുന്നുവെങ്കിലും 19 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. 2018-19 സാമ്പത്തിക വർഷം ടി പ്രോജക്ട് സ്പിൽ ഓവറാക്കിയെങ്കിലും 400000 രൂപ കൂടി മാത്രമെ ചെലവഴിക്കാൻ സാധിച്ചുള്ളു. പ്രോജക്ടുകൾ അതാത് വർഷം നടപ്പിലാകാത്ത സാഹചര്യത്തിൽ ഫണ്ട് ലാപ്സാകുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. പ്രോജക്ട് സ്പിൽ ഓവറാക്കിയാലും പുതിയതായി ഫണ്ട് ലഭിക്കുന്നില്ല. തൻ വർഷത്തെ പദ്ധതിപ്പണത്തിൽ നിന്നുമാണ് സ്പിൽ ഓവർ പ്രോജക്ടിനും തുക കണ്ടെത്തേണ്ടത്. പ്രസ്തുത സാഹചര്യത്തിൽ എഗ്രിമെന്റ് വയ്ക്കാത്ത ഗുണഭോക്താക്കൾക്ക് തുക നൽകാൻ കഴിയുന്ന രീതിയിൽ പ്രോജക്ട് റിവൈസ് ചെയ്യേണ്ടതും ടി തുക അതാത് വർഷം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുന്ന പ്രോജക്ടുകളിലേക്ക് വകയിരുത്തേണ്ടതുമാണ്.

ടി പദ്ധതി പ്രകാരം 25000 രൂപ വീതം കൈപ്പറ്റിയ ശ്രീ ആനന്ദൻ.വി.ആർ, വട്ടക്കുന്നേൽ, വെച്ചൂച്ചിറ എന്നയാൾക്കും ശ്രീമതി തങ്കമ്മ, മൂടകല്ലിൽ, കുംഭിത്തോട് എന്നയാൾക്കും വാലുവേഷൻ സർട്ടിഫിക്കറ്റില്ലാതെയാണ് തുക നൽകിയത്. ആനുകൂല്യം കൈപ്പറ്റിയ 19 പേരിൽ ടി രണ്ടു പേർ ഒഴികെ ബാക്കി 17 പേരും 2018-19 -ൽ വീട് മെയിന്റനൻസ് പൂർത്തീകരിച്ച് മുഴുവൻ തുകയും

കൈപ്പറ്റിയിരുന്നു. വാലുവേഷൻ സർട്ടിഫിക്കറ്റില്ലാതെ തുക നൽകിയ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-16/05-02-2019)ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് ഓഡിറ്റ് സമയത്തതും പൂർത്തീകരിച്ചില്ലായെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ വാലുവേഷൻ ഇല്ലാതെ തുക നൽകിയതാനാൽ ടി ഗുണഭോക്താക്കൾക്ക് നൽകിയ 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 അഗതിരഹിതകേരളം പദ്ധതി നടപ്പായില്ല

ആശ്രയ രണ്ടാം ഘട്ട പദ്ധതിയ്ക്കായുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 500000/- രൂപ തൻവർഷം ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് കൈമാറിയെങ്കിലും ആയത് വിനിയോഗിക്കുകയുണ്ടായില്ല. മുൻവർഷങ്ങളിൽ നടപ്പാക്കി വന്നിരുന്ന ആശ്രയ ഒന്നാം ഘട്ടം , രണ്ടാം ഘട്ടം പദ്ധതികളുടെ അക്കൗണ്ടുകളിൽ യഥാക്രമം 493639/- രൂപയും 1675229/- രൂപയും തൻവർഷാന്ത്യത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ഇതുകൂടാതെ പട്ടികവർഗ്ഗത്തിനായുള്ള പ്രത്യേക ആശ്രയ പദ്ധതിയ്ക്കായുള്ള അക്കൗണ്ടിൽ 562768/- രൂപ തൻവർഷാന്ത്യം വിനിയോഗിക്കാതെ അവശേഷിക്കുന്നു. നിലവിലുണ്ടായിരുന്ന പദ്ധതികളിൽ നിന്ന് അനർഹരെ ഒഴിവാക്കിയ ശേഷം ബാക്കി 176 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 'അഗതിരഹിതകേരളം' പദ്ധതി തയ്യാറാക്കി കുടുംബശ്രീ മിഷന് സമർപ്പിച്ചെങ്കിലും ആയതിന് ഇതേവരെ അംഗീകാരം ലഭ്യമാക്കാനാവാത്തതിനാൽ പദ്ധതി നടപ്പാക്കാനായില്ല. ഭക്ഷണം, ചികിത്സ എന്നീയിനങ്ങളിൽ മാത്രമാണ് ഗുണഭോക്താക്കൾക്ക് നിലവിൽ ആനുകൂല്യം നൽകാനാകുന്നത്.

'അഗതിരഹിതകേരളം' പദ്ധതിയ്ക്ക് അംഗീകാരം വാങ്ങി പൂർണ്ണതോതിൽ നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 പാലിയേറ്റീവ് കെയർ പദ്ധതി-2 ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചില്ല

പാലിയേറ്റീവ് കെയർ പദ്ധതിയിൽ വെച്ചൂച്ചിറ, CHC യ്ക്കു 2 ലക്ഷം രൂപയുടെ മെഡിക്കൽ വാങ്ങാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു തുക നൽകിയെങ്കിലും ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ,പേര് | 88/2017-18,പാലിയേറ്റീവ് കെയർ യൂണിറ്റ്,2017-18 |
| ഫണ്ടിനം | ജില്ലാ പഞ്ചായത്ത് വിഹിതം -200000.<br>വികസന ഫണ്ട്-600000 |
| ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നുള്ള ചെലവ് | 200000 |
| ചെക്ക് നമ്പർ | TSB No:3168246/22.03.18 |
| KMSC അക്കൗണ്ട് നം | 3624001800000019,IFSC:PUNB0362400 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, CHC, വെച്ചൂച്ചിറ. |

KMSC ltd ന്റെ ഇൻവോയിസ് (നം:PRF4221/14.02.18) പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ CHC യ്ക്കു ലഭിക്കേണ്ടിയിരുന്നു. എന്നാൽ നാളിതു വരെ അവ ലഭിക്കാത്തതിനാൽ **ചെലവു തുക 200000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | വീൽ ചെയർ | 20 |
| | | |

| | | |
|---|---|---|
| 2 | നെബുലൈസർ | 1 |
| 3 | എയർ ബെഡ് | 25 |
| 4 | വാട്ടർ ബെഡ് | 9 |
| 5 | കമ്മൗഡ് ചെയർ | 20 |
| 6 | വോക്കർ | 20 |
| 7 | സ്റ്റെതസ്കോപ്പ് | 1 |
| 8 | BP അപ്പാരറ്റസ് | 1 |
| 9 | വോൽക്കിംഗ് കെയ്ൻ | 2 |
| 10 | സിറിഞ്ച് | 6 |

മേൽ ഉപകരണങ്ങൾ ലഭിച്ച ശേഷം സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും അവ ഓഡിറ്റിനു ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 3-11 തൊഴിലുറപ്പു പദ്ധതിയിൽ കിണർ റീചാർജ്ജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതിയുടെ മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) നം.215/2017തീയതി 03.11.2017] പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ എല്ലാ കിണറുകളിലും റീചാർജജിംഗ് ഏർപ്പെടുത്തണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം പ്രവൃത്തികൾ ഏറ്റെടുത്തില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിണർ റീചാർജിംഗ് വളരെ ഫലപ്രദമാണ് എന്നിരിക്കെ, ഇതിനായി പര്യാപ്തമാംവണ്ണം പ്രവൃത്തികൾ തൊഴിലുറപ്പ് / കാർഷിക പദ്ധതികൾ മുഖേന ഏറ്റെടുക്കാത്തത് ഗുരുതരമായ അനാസ്ഥയാണ്. കിണർ റീചാർജിംഗ് പ്രവൃത്തികൾ വ്യാപകമായി ഏറ്റെടുത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | കൂത്താട്ടുകുളം 76-ം നമ്പർ അംഗൻവാടി കെട്ടിട നവീകരണം | 0 | 500000 |
| ജില്ലാ | 300000 | ക്ഷീരകർഷകർക്ക് | 300000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | സബ്സിഡി (ജനറൽ) | | |
| ജില്ലാ പഞ്ചായത്ത് | 500000 | ക്ഷീരകർഷകർക്ക് സബ്സിഡി (വനിത) | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2450000 | ക്ഷീരകർഷകർക്ക് സബ്സിഡി (ജനറൽ) | 1800000 | 650000 |
| ബ്ലോക്ക് പഞ്ചായത്ത് | 800000 | ക്ഷീരകർഷകർക്ക് സബ്സിഡി (വനിത) | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2000000 | കിണർ റീചാർജിംഗ് | 0 | 2000000 |
| ബ്ലോക്ക് പഞ്ചായത്ത് | 1677700 | കൂത്താട്ടുകുളം കുളം നവീകരണം | 0 | 1677700 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഒടുക്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ചാത്തൻതറ-കുരിശുപാറ എസ്.റ്റി.കോളനി പൈപ്പ്ലൈൻ എക്സറ്റൻഷൻ | 450000 | 390869 | പൂർത്തീകരിച്ചു | 59131 |
| കേരള വാട്ടർ അതോറിറ്റി | വെൺകുറിഞ്ഞി-വർക്ക്ഷോപ്പ് പടി പൈപ്പ് ലൈൻ എക്സറ്റൻഷൻ | 139250 (വികസന ഫണ്ട്) 49750 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | 189000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.5631/2010 /22.02.2010 | 12804000 | 1749944 | 1280400 | 245508 | 469544 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 788 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2016-17 | 3-2 | 788 | ശ്രീമതി.രേണുകാദേവി അമ്മാൾ.എസ്, സെക്രട്ടറി | 11701103512/29.12.2017 |
| ആകെ | | 788 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 2016-17 | 2-7 | തൊഴിൽനികുതി ഈടാക്കാത്തത് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. തീർപ്പാക്കിയതായി അറിയിപ്പ് ലഭിച്ചിട്ടില്ല. |

## 4-8 ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

<u>എ) സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 79355103 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70116090 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46431 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4562830 |

<u>ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 45557 | ശ്രീമതി ഉഷ.സി.കെ, |

| | | |
|---|---|---|
| | | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 874 | ശ്രീമതി രേണുകാദേവി, സെക്രട്ടറി |
| ആകെ | 46431 | |

<u>(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 373150 | ശ്രീമതി ഉഷ.സി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 3800000 | ശ്രീമതി അനു.ആർ.ബാബു, ക്ഷീരവികസന ഓഫീസർ |
| 3-5 | 119850 | ശ്രീ.വി.മുകുന്ദൻ, സെക്രട്ടറി |
| 3-7 | 19830 | ശ്രീ.വി.മുകുന്ദൻ, സെക്രട്ടറി |
| 3-8 | 50000 | ശ്രീ.റിനുമോൻ.എം.ഡി, വി.ഇ.ഒ |
| 3-10 | 200000 | ഡോ.ആശിഷ് പണിക്കർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| **ആകെ** | **4562830** | |

ഡി) <u>കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഉഷ.സി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് | മൈലമൂട്ടിൽ, ഇലവുംതിട്ട.പി.ഒ |
| ശ്രീമതി അനു.ആർ.ബാബു, ക്ഷീരവികസന ഓഫീസർ | വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | അസിയ മൻസിൽ, മങ്ങാട്.പി.ഒ, കൊല്ലം |
| ശ്രീ.വി.മുകുന്ദൻ,സെക്രട്ടറി | സെക്രട്ടറി,<br>വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് | ഏഴോലിക്കൽ, മാടപ്പള്ളി.പി.ഒ, കോട്ടയം |
| റിനുമോൻ.എം.ഡി, വി.ഇ.ഒ | വി.ഇ.ഒ, ആനിക്കാട് | മാറാട്ടുകളം, മാടപ്പള്ളി,പി.ഒ, |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | ചങ്ങനാശ്ശേരി |
| ഡോ.ആശിഷ് പണിക്കർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് | കണ്ണപ്പുഴ, പെരുമ്പെട്ടി.പി.ഒ, റാന്നി |
| ശ്രീമതി രേണുകാദേവി<br>സെക്രട്ടറി | ഗ്രാമപഞ്ചായത്ത് സെക്രട്ടറി<br>മണിമല ഗ്രാമപഞ്ചായത്ത് | മൂഴിക്കൽ<br>പഴവങ്ങാടി.പി.ഒ<br>റാന്നി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4.407/03തീയതി 3.11.04/7.2.05 | 1 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി4.708/03 തീയതി 3.11.04/8.2.05 | 11 |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി3.623/98 തീയതി 13.1.99/6.3.99 | 4 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി4.657/05 തീയതി 5.5.06 | 6 |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.658/05 തീയതി 7.1.06/5.5.06 | 2 |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3.107/00 തീയതി 3.3.06/7.11.07 | 16 |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.297/06 തീയതി 11.10.06/7.11.07 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി4.287/02 തീയതി 19.3.03/3.10.03 | എല്ലാ ഖണ്ഡികകളും. |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.488(എ))/06 തീയതി.11.10.06/30.11.07 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി4.659/02 തീയതി 3.4.03/5.8.03 | 5 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.454/04 തീയതി 15.10.04/2.2.05 | 1 |
| 2001-02 | എൽ.എഫ്.പി.റ്റി.എ- | 2 |

| | | |
|---|---|---|
| (വരവ്) | പി4.488/06 തീയതി 12.10.06/30.11.07 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4.678/06 തീയതി 12.3.07/21.12.07 | 15 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4.153/07 തീയതി 13.9.07/22.12.07 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8.890/10 തീയതി 7.10.11/7.12.11 | 6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി8.891/10 തീയതി 7.10.11/7.12.11 | 10 |
| 2006-07മുതൽ 2008-09വരെ | എൽ.എഫ്.പി.റ്റി.എ-പി6.698/12 തീയതി 25.10.12/30.11.13 | 37 |
| 2009-10 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി6.596/13 തീയതി 20.11.13/30.4.14 | 1 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6.597/13തീയതി 20.11.13/14.11.14 | 4 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി6.274/15 തീയതി 1.7.15/9.7.15 | 7 |
| 2013-14 2014-15 | കെ.എസ്.എ.പി.റ്റി.എ പി6.167/2016 തീയതി 19.3.16 | 12 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി6.1278/2016 തീയതി 1.12.2016 | 7 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി6.1132/2017 തീയതി 26.09.2017 | 15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹബീബ് മുഹമ്മദ്**

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട**

**അനുബന്ധം-1**

നം.കെ.എസ്.എ.പി.റ്റി.എ.പി6/130/2019 തീയ്യതി:07-03-2019

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെച്ചൂച്ചിറ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഹബീബ് മുഹമ്മദ്**

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട**

No.K.S.A.PTA.P6/130/2019 Dated:07-03-2019

**AUDIT CERTIFICATE**

Certified that I have examined the Annual Financial Statement of Vechoochira **Grama Panchayat** in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vechoochira **Gramma Panchayat** for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

**HABEEB MUHAMMED**

**Deputy Director (HG)**

**Kerala State Audit Department**

**Pathanamthitta**